പതിമൂന്നാംകേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3460

09.04.2013 - ൽ മറുപടിക്ക്

## ദേശീയപാതകൾക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>,, അൻവർ സാദത്ത്<br>,, ആർ. സെൽവരാജ്<br>,, എം. പി. വിൻസന്റ് | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) ദേശീയ പാതകൾക്കു വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (എ) ദേശീയപാതകളുടെ വികസനത്തിന് സ്ഥലം എടുക്കുന്നതിനായി എൻ.എച്ച്.എ.ഐ. പ്രോജക്റ്റ് ഡയറക്ടർ മാരുടെ നിയന്ത്രണത്തിൽ സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. സുഗമമായ സ്ഥലമെടുപ്പ് നടപ്പിലാക്കുന്നതിനുവേണ്ട സഹായ സഹകരണങ്ങൾ നൽകുന്നതിന് ജില്ലാ ഭരണാധികാരികൾക്കുവേണ്ട നിർദ്ദേശങ്ങളും സർക്കാർ തലത്തിൽ നൽകിയിട്ടുണ്ട്. |
| (ബി) അലൈൻമെന്റുമായി ബന്ധപ്പെട്ട പാകപ്പിഴകൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;<br><br>(സി) സ്ഥലമെടുപ്പ് സംബന്ധിച്ച പരാതികൾ പരിഹരിക്കാൻ പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; | (ബി) & (സി) അലൈൻമെന്റുകൾ ശാസ്ത്രീയമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ അലൈൻമെന്റ് സംബന്ധിച്ച് ഉണ്ടായിട്ടുള്ള (ആരാധനാലയങ്ങളേയും മറ്റു പൊതുതാൽപര്യമുള്ള പ്രസ്ഥാനങ്ങളേയും ബാധിക്കുന്ന) പരാതികൾ ഗൗരവമായി പഠിച്ച് നിർദ്ദേശം നൽകുവാൻ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും കെ.എസ്.ടി.പി. പ്രോജക്റ്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിലും ഓരോ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ദേശീയപാതയുടെ വീതി എത്രയാകണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ഡി) | 45 മീ. Right of Way -യിൽ ദേശീയപാതകൾ വികസിപ്പിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. |

Lalitha

സെക്ഷൻ ഓഫീസർ